പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1193 02-05-2017-ലെ മറുപടിയ്ക്ക്

# വരൾച്ച മൂലം കടക്കെണിയിലായ കർഷകർക്കുള്ള ആശ്വാസ നടപടികൾ

ചോദ്യം

**ശ്രീ.കെ. കൃഷ്ണൻകുട്ടി**
**ശ്രീ.സി.കെ.നാണു**
**ശ്രീ.കെ.ബി.ഗണേഷ് കുമാർ**

(എ) വരൾച്ചയും വിലത്തകർച്ചയും മൂലം കടക്കെണിയിലായ കർഷകരുടെ സാമ്പത്തിക ബാദ്ധ്യതകൾ എഴുതിത്തള്ളാനോ മറ്റു ആശ്വാസ നടപടികൾ പ്രഖ്യാപിക്കാനോ ഉദ്ദേശിക്കുന്നുണ്ടോ; വരൾച്ചയെ തുടർന്ന് ദുരിതത്തിലായ മറ്റ് സംസ്ഥാനങ്ങളിലെ കർഷകർക്കായി കേന്ദ്ര സർക്കാർ പല പദ്ധതികളും ആസൂത്രണം ചെയ്യുന്ന സാഹചര്യത്തിൽ കേരളത്തിലെ കർഷകരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) വരൾച്ച പ്രതിരോധത്തിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് സംസ്ഥാന കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയത്;കൃഷിയിറക്കാൻ സാമ്പത്തികമില്ലാതായ കർഷകർക്ക് അടുത്ത കൃഷിയിറക്കാൻ എന്തൊക്കെ സഹായങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

മറുപടി

ശ്രീ.വി.എസ്.സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 2017 മെയ് 31 വരെ മോറട്ടോറിയം അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതുപ്രകാരം 2017 മാർച്ച് 28-ന് സംസ്ഥാന റവന്യൂ കൃഷി വകുപ്പ് മന്ത്രിമാർ കേന്ദ്ര കൃഷി വകുപ്പ് മന്ത്രിക്ക് വരൾച്ച സംബന്ധിച്ച് മെമ്മോറാണ്ടം സമർപ്പിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം ഏപ്രിൽ 19 മുതൽ 21 തീയതി വരെ കേരളം സന്ദർശിച്ച് വരൾച്ച സ്ഥിതി വിലയിരുത്തിയിട്ടുമുണ്ട്. നാശനഷ്ടത്തിന് ആനുപാതികമായി കേന്ദ്രസഹായം ലഭിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ജലസംരക്ഷണത്തിനും ജല പുനരുപയോഗത്തിനും ആവശ്യമായ ബോധവൽകരണം പഞ്ചായത്തടിസ്ഥാനത്തിൽ നൽകി വരുന്നു.

തോടുകൾ, കുളം എന്നിവയുടെ നവീകരണം, പമ്പ് സെറ്റ് സ്ഥാപിക്കൽ സൂക്ഷ്മ ജലസേചന മാർഗ്ഗങ്ങൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.

മൂപ്പ് കൂടിയ വിത്തുകൾക്ക് പകരമായി മൂപ്പ് കുറഞ്ഞ വിത്തുകൾ കൃഷി ചെയ്യുന്നതിന് നിർദ്ദേശങ്ങൾ നൽകി വരുന്നു.

ദീർഘകാല വിളകളിൽ ജൈവ പുതയിടൽ, ചകിരി അടുക്കൽ, തടിയിൽ കുമ്മായംപൂശൽ എന്നിവ അവലംബിക്കുവാൻ നിർദ്ദേശം നൽകി.

ജലലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ പയർ, ഉഴുന്ന്, മുതിര, എള്ള് മുതലായ പയറുവർഗ്ഗങ്ങൾ കൃഷി ചെയ്യാൻ നിർദ്ദേശം നൽകി.

വരൾച്ചമൂലം വിള നശിച്ച കർഷകർക്ക് വീണ്ടും കൃഷി ഇറക്കുന്നതിനാവശ്യമായ വിത്ത് സൗജന്യമായി പ്രത്യേക പദ്ധതി പ്രകാരം നൽകുന്നതാണ്.

**(സി)** വിള നാശം നേരിട്ട കർഷകർക്കുള്ള ധനസഹായം 48500 രൂപ (നാൽപ്പത്തിയെണ്ണായിരത്തി അഞ്ഞൂറ് രൂപ) ആയി വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വ്യക്തമാക്കുമോ?

**(സി)** സംസ്ഥാനത്തെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തിയും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. ടി പദ്ധതി പ്രകാരം നെൽകൃഷിക്ക് നഷ്ടപരിഹാര തുക ഹെക്ടറിന് 12500/- രൂപയിൽ നിന്നും 35000/- രൂപയാക്കിയിട്ടുണ്ട്. ഇതിനു പുറമെ പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച നെൽകർഷകർക്ക് SDRF മാനദണ്ഡപ്രകാരം ഹെക്ടറിന് 13500/- രൂപ നഷ്ടപരിഹാരമയി ലഭിക്കുന്നതാണ്. എന്നാൽ വർദ്ധിപ്പിച്ച രീതിയിലുള്ള വിള ഇൻഷ്വറൻസ് പദ്ധതി 22-03-2017 മുതലാണ് നിലവിൽ വരിക. ഓരോ വിളകൾക്കും വിള ഇൻഷ്വറൻസ് നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചതിന്റെ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. വിള ഇൻഷ്വറൻസിൽ കർഷകരെ ചേർക്കുന്നതിന് ഊർജ്ജിത പ്രചാരണ പരിപാടികൾ വകുപ്പ് നടപ്പിലാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം [illegible] ലഭ്യമാണ്